

രാജൻ



മുരളീധരൻ

# തകര

**പി. പത്മരാജൻ**

സാക്ഷാത്കാരം:
**കെ.പി. മുരളീധരൻ**

'ഞാനും ചെല്ലപ്പനാശാരിയും ഒക്കെ ജനിക്കുമ്പോൾത്തന്നെ കമ്പോളത്തിൽ തകര മുളച്ചിട്ടുണ്ടായിരുന്നു. കമ്പോളത്തിന്റെ ആട്ടും തുപ്പും ഗതികെട്ട രാത്രികളും പിന്നിട്ട് തകര അന്നും എല്ലായിടത്തും എല്ലാവർക്കുംവേണ്ടി ഓടി നടക്കുന്നത് ഞങ്ങളുടെ ആദ്യ സ്മരണകളിൽപ്പെടുന്നു. അന്ന് എനിക്ക് അവനെ പേടിയായിരുന്നു. ഈളായും ഒലിപ്പിച്ച് അയഞ്ഞ കാക്കിനിക്കറും വലിച്ചുകയറ്റി തിരിയാത്ത ഭാഷയിൽ എല്ലാവരോടും വർത്തമാനവുമന്വേഷിച്ചു നടക്കുന്ന അവന്റെ വലിയ രൂപം അന്നൊക്കെ പേടിസ്വപ്നങ്ങളിൽ കയറിവന്ന് ഉടക്കി നിന്നിട്ടുണ്ട്. പിന്നെ സ്കൂൾകുട്ടികളായതോടെ ആ പേടിയൊക്കെ ഞങ്ങൾക്കുപോയി. തകര ഞങ്ങളോടടുത്തു. ബുദ്ധിയുറയ്ക്കാത്ത ആ മനുഷ്യനെ ഞങ്ങളൊരു തടിയൻ പാവക്കുട്ടി എന്നപോലെ സ്നേഹിക്കാനാരംഭിച്ചു. അവനും അതുമാത്രമേ വേണ്ടിയിരുന്നുള്ളൂ.'

**പത്മരാജൻ**

ഓരോ പുതുമഴയിലും കരുത്തോടെ കുരുത്തുവരുന്ന നാടൻതകര പോലെ, ഓരോ കാലത്തിന്റെ കഥപ്പെരുക്കങ്ങൾക്കിടയിലും നിവർന്നു നിൽക്കുന്ന പി. പത്മരാജന്റെ വിശ്രുതരചനയായ തകര ഗ്രാഫിക് നോവൽ രൂപത്തിൽ! കഥയ്ക്കും ചലച്ചിത്രത്തിനുമപ്പുറം അനുഭൂതി പകരുന്ന ചിത്രീകരണം.



കവർ ഡിസൈൻ: കെ.പി. മുരളീധരൻ

ഡിസിബുക്സ്
www.dcbooks.com
ISBN 978-81-264-5223-1
9 788126 452231 00001
ഗ്രാഫിക് നോവൽ
E-book available
₹ 150

തകര • പി. പത്മരാജൻ

8M3 PAD/T
838

ഡി സി ബുക്സ്




8M3 PAD/T
CASMTVK
838

8M3 PAD/T
CASMTVK
838

838

College of Avian Sciences & Management LIBRARY KVASU Thiruvazhamkunnu

തകര

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No...838.............. Call No.........................

This book should be returned on or before the date last given below.

| | | |
|---|---|---|
| 14-006<br>7/11/16 | | |

LIBRARY

**പി. പത്മരാജൻ**
(1945-1991)

1945 മെയ് 23-ന് ആലപ്പുഴ ജില്ലയിലെ മുതുകുളത്ത് ഞവരയ്ക്കൽ വീട്ടിൽ, അനന്തപത്മനാഭപിള്ള-ദേവകിയമ്മ ദമ്പതികളുടെ മകനായി ജനിച്ചു. മുതുകുളം ബോയ്സ് ഹൈസ്കൂൾ, തിരുവനന്തപുരം എം.ജി. കോളജ് എന്നിവിടങ്ങളിൽ പഠനം. 1963-ൽ രസതന്ത്രത്തിൽ ബിരുദം നേടിയതിനുശേഷം രണ്ടുവർഷം മഹാപണ്ഡിതനായ ചേപ്പാട് അച്യുതവാരിയർക്കു കീഴിൽ സംസ്കൃതം പഠിച്ചു. 1965 ഏപ്രിലിൽ എ.ഐ.ആർ. തൃശൂർ നിലയത്തിൽ പ്രോഗ്രാം അനൗൺസറായി 1986 വരെ അവിടെ തുടർന്നു. 1965-ൽ കൗമുദിയിൽ പ്രസിദ്ധീകരിച്ച *ലോല മിൽഫോഡ് എന്ന അമേരിക്കൻ പെൺകിടാവ്* എന്ന കഥയാണ് പ്രസിദ്ധീകരിക്കപ്പെട്ട ആദ്യ രചന. തുടർന്ന് പതിനഞ്ചോളം നോവലുകളും നൂറിൽപ്പരം ചെറുകഥകളും രചിച്ചു. 1972-ൽ ആദ്യ നോവൽ *നക്ഷത്രങ്ങളേ കാവൽ* കേരള സാഹിത്യ അക്കാദമി അവാർഡ് നേടി. 1974-ൽ *പ്രയാണം* എന്ന ചലച്ചിത്രത്തിലൂടെ തിരക്കഥാരചനയിലേക്കും സംവിധാനത്തിലേക്കും കടന്നു. സ്വന്തമായി സംവിധാനം ചെയ്ത ചിത്രങ്ങളുടേതുൾപ്പെടെ 36 തിരക്കഥകൾ രചിച്ചു. നിരവധി ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ നേടിയ ചലച്ചിത്ര രചയിതാവ്.
1991 ജനുവരി 23-ന് കോഴിക്കോട്ട് അന്തരിച്ചു.

**കെ.പി. മുരളീധരൻ**

1969 ൽ ആലപ്പുഴ ജില്ലയിലെ മുതുകുളത്ത് ജനിച്ചു. പിതാവ്: കൃഷ്ണൻ ആചാരി മാതാവ്: പങ്കജാക്ഷി. കറ്റാനം പോപ്പ് പയസ് ത1 ഹൈസ്കൂളിൽ സ്കൂൾ വിദ്യാഭ്യാസം. തിരുവനന്തപുരം കോളജ് ഓഫ് ഫൈൻ ആർട്സിൽ നിന്നും പെയിന്റിങ്ങിൽ ബിരുദം. പത്തുവർഷത്തോളം തിരുവനന്തപുരം ടൂൺസ് ആനിമേഷൻസിൽ സീനിയർ ഡിസൈനറായും കൺസെപ്റ്റ് ആർട്ടിസ്റ്റായും പ്രവർത്തിച്ചു. *ആന, പാഡീസ് പേജസ്, സേക്രഡ് എഗ്ഗ്സ്* തുടങ്ങിയ ആനിമേഷൻ ലഘു ചിത്രങ്ങൾ ഒരുക്കിയിട്ടുണ്ട്. *സേക്രഡ് എഗ്ഗ്സ്* 2009 ലെ ഐ എഫ് എഫ് കെ ഡോക്യുമെന്ററി മേളയിലെ മികച്ച ചിത്രമായിരുന്നു. 2011 ൽ ബാലസാഹിത്യ ചിത്രകാരനുള്ള സംസ്ഥാന പുരസ്കാരം ലഭിച്ചു. മുട്ടായിപ്പാട്ടുകൾ എന്ന പേരിൽ കുട്ടികൾക്കു വേണ്ടി ആനിമേഷൻ പാട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. പരസ്യമേഖലയ്ക്കു വേണ്ടിയും ആനുകാലികങ്ങൾക്കുവേണ്ടിയും ചിത്രങ്ങൾവരയ്ക്കുന്നു.
ഇ മെയിൽ: kpmuralidaran@yahoo.co.in

**പി. പത്മരാജൻ**

# തകര

**(ഗ്രാഫിക് നോവൽ)**

സാക്ഷാത്കാരം

**കെ.പി. മുരളീധരൻ**

ഡി സി ബുക്സ്

MALAYALAM LANGUAGE
Thakara
GRAPHIC NOVEL
by P. Padmarajan

ILLUSTRATED BY
K.P. Muraleedharan

Rights Reserved
First Published November 2014

PUBLISHERS
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

DISTRIBUTORS
D C Books-Current Books

Export Sales D C Press (P) Ltd., Kottayam, Kerala

D C BOOKS LIBRARY CATALOGUING IN PUBLICATION DATA
Padmarajan,P.
Thakara/P.Padmarajan , K.P. Muraleedharan.
160p., 24cm.
ISBN 978-81-264-5223-1
1. Malayalam graphic novel. I. Title. II. Muraleedharan,K.P.
741.5-dc 22.

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-5223-1

Printed in India
at D C Press (P) Ltd., Kottayam 686 012

D C BOOKS: THE FIRST INDIAN BOOK PUBLISHING HOUSE TO GET ISO CERTIFICATION

₹ 150.00

674/14-15-Sl.No. 14053-dcb 5969-2000-5170-11-14-Spb. 21.3-p rr-r sr-d vp

# പ്രസാധകക്കുറിപ്പ്

ഗ്രാഫിക് കഥകളും നോവലുകളും ഇന്നത്തെ സമൂഹത്തിന് അപരിചിതമായ ഒന്നല്ല. അരവിന്ദന്റെ *ചെറിയ മനുഷ്യരും വലിയ ലോകവും* പ്രശസ്ത കാർട്ടൂണിസ്റ്റ് ഇ.പി.ഉണ്ണിയുടെ ഗ്രാഫിക് നോവലുകളും മലയാളി കണ്ടും വായിച്ചും അനുഭവിച്ചവയാണ്.

ആശയവിനിമയത്തിൽ ദൃശ്യങ്ങൾക്കാണ് പുതിയകാലത്ത് പ്രാധാന്യം. സന്തോഷവും സങ്കടവുമെല്ലാം നാം ചിത്രങ്ങളിലൂടെ പ്രകാശിപ്പിക്കുന്നു. ഈ പ്രവണത പുസ്തകലോകത്തേക്കും വേഗം പടരുകയാണ്. സമകാലിക സാഹിത്യത്തിലെ വിശിഷ്ടകൃതികളായ പൗലോ കൊയ്‌ലോയുടെ *ആൽക്കെമിസ്റ്റും* ഖാലിദ് ഖുസൈനിയുടെ *The Kite Runner* (*പട്ടം പറത്തുന്നവർ*) ഉം ഗ്രാഫിക് നോവലായി പുനരവതരിച്ചത് ഈ മാറ്റത്തിന്റെ ഭാഗമെന്നു വിശേഷിപ്പിക്കാവുന്നതാണ്.

ലോകമാകെ സംഭവിക്കുന്ന സർഗാത്മകമായ ഈ പരിണാമത്തെ മലയാളത്തിലും അവതരിപ്പിക്കാൻ ശ്രമിക്കുന്നതിന്റെ ഭാഗമായി ഡി സി ബുക്സ് ഗ്രാഫിക് നോവലുകൾ പ്രസിദ്ധപ്പെടുത്തുകയാണ്. ചിരപ്രതിഷ്ഠരായ എഴുത്തുകാരുടെ ദൃശ്യസാധ്യതയുള്ള ശ്രദ്ധേയനോവലുകളും കഥകളുമാണ് ഗ്രാഫിക് രൂപത്തിൽ പ്രസിദ്ധപ്പെടുത്തുന്നത്. വാക്കുകൾക്ക് തുല്യമായ പ്രധാന്യം വരകൾക്കുമുള്ളതിനാൽ കേരളത്തിലെ പ്രശസ്തരായ യുവ ചിത്രകാരന്മാരുടെ പിന്തുണയോടെയാണ് ഡി സി ബുക്സ് ഗ്രാഫിക് നോവലുകളുടെ മേഖലയിലേക്കു പ്രവേശിക്കുന്നത്.

1978 ലാണ് പത്മരാജൻ തകര എന്ന കഥയെഴുതുന്നത്. പ്രണയവും രതിയും ആസക്തികളും പകയും ആളിക്കത്തുന്ന അപൂർവ്വമായ അനുഭവമാണ് അത്.

കഥയായും സിനിമയായും പ്രചാരം നേടിയ തകരയെ ഗ്രാഫിക് നോവലായി ഡി സി ബുക്സ് പുനരവതരിപ്പിക്കുകയാണ്. പ്രശസ്ത ചിത്രകാരനായ കെ.പി. മുരളീധരനാണ് തകരയെ മൂന്നരപതിറ്റാണ്ടുകൾക്കുശേഷം എഴുത്തിലൂടെയും വരകളിലൂടെയും വെളിപ്പെടുത്തിയത്.

ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണത്തിന് അനുമതി നൽകിയ രാധാലക്ഷ്മി പത്മരാജനും ചിത്രകാരനായ കെ.പി. മുരളീധരനും നന്ദി. കേരളീയ വായനാസമൂഹത്തിന് ഈ രചന ഒരു പുതിയ ദൃശ്യ-വായനാനുഭവം പകരുമെന്നതിൽ സംശയമില്ല.

**രവി ഡി സി**